# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3086 13/10/2011 ൽ മറുപടിക്ക്

## തിരുവല്ല പോലീസ് സബ്ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ജി. സന്തോഷ്കുമാറിന്റെ സസ്പെൻഷൻ

ചോദ്യം മറുപടി

ശ്രീ. പി.സി. വിഷ്ണുനാഥ് : ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | തിരുവല്ല പോലീസ് സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ജി.സന്തോഷ്കുമാറിനെ സസ്പെൻഡ് ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 638/2007 എന്ന കേസിന്റെ അന്വേഷണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാലാണ് ശ്രീ.ജി.സന്തോഷ്കുമാറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. |
| (ബി) | പ്രസ്തുത സസ്പെൻഷൻ ഉത്തരവിൽ ടിയാനെതിരെയുളള കൃത്യവിലോപമോ കുറ്റമോ എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സസ്പെൻഷൻ ഉത്തരവിൽ ശ്രീ. ജി. സന്തോഷ് കുമാർ ക്രൈം നം.638/2007 നമ്പർ കേസിന്റെ അന്വേഷണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നുള്ളത് വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | സസ്പെൻഷനായി ആറ് മാസക്കാലമായിട്ടും ടിയാന് കുറ്റാരോപണ മെമ്മോ നൽകാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ; | സി) കുറ്റാരോപണ മെമ്മോ 2.8.2011-ന് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ചെയ്ത കുറ്റം എന്തെന്നോ കേസന്വേഷണത്തിൽ വരുത്തിയിട്ടുള്ള വീഴ്ചയോ പോരായ്മയോ എന്താണെന്നോ ടിയാനെ നാളിതുവരെ അറിയിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) കുറ്റാരോപണ മെമ്മോയിൽ ടിയാൻ ചെയ്ത കുറ്റത്തിന്റെ വിവരവും കേസന്വേഷണത്തിൽ വരുത്തിയ വീഴ്ചയും വ്യക്തമാക്കിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഈ കേസിന് മുമ്പ് എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) സ്വീകരിച്ചിട്ടില്ല. |
| (എഫ്) | ശിക്ഷാ നടപടികൾ മൂലം ടിയാന്റെ പ്രൊമോഷൻ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ് & ജി) ശിക്ഷാ നടപടികൾ നടന്നുവരുന്ന ഒരു ഉദ്യോഗസ്ഥനെ പ്രമോഷന് പരിഗണിക്കാൻ നിയമം അനുവദിക്കുന്നില്ല. സസ്പെൻഷനിലുള്ള സബ് ഇൻസ്പെക്ടർ ശ്രീ. ജി. സന്തോഷ് കുമാറിനെ സർവ്വീസിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ജി) | തന്റേതല്ലാത്ത കാരണത്താൽ സസ്പെൻഷൻ നടപടികൾ നേരിട്ടതുമൂലം ഉണ്ടായ പോരായ്മകൾ പരിഹരിച്ച് അർഹമായ പ്രൊമോഷൻ നൽകി ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ